Student Empowerment for Environmental Development

# സീഡ്

കൈപ്പുസ്തകം 2018-19

FEDERAL BANK
YOUR PERFECT BANKING PARTNER

## സമൂഹനന്മ കുട്ടികളിലൂടെ

നേച്ചർ
ഷോർട്ട് ഫിലിം
മത്സരം



പൂമ്പാറ്റയ്ക്കൊരു
പൂന്തോട്ടം

10 സീഡ്
ാം വർഷം

മാതൃഭൂമി
യഥാർത്ഥ പത്രത്തിന്റെ ശക്തി

Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH
FEDERAL BANK

പോരാടാം
പ്ലാസ്റ്റിക്
വിപത്തിനെതിരേ!

# Contacts

THIRUVANANTHAPURAM
**Mr. R. Murali**
(Unit Manager) 0471 2461071

KOLLAM
**Mr. N.S. Vinod Kumar**
(Regional Manager) 0474 2790761

PATHANAMTHITTA
**Mr. T. Ajith Kumar**
(Special Correspondent) 0468 2228678

KOTTAYAM
**Mr. T. Suresh**
(Unit Manager) 0481 2568055

ALAPPUZHA
**Mr. C. Suresh Kumar**
(Unit Manager) 0477 2230864

IDUKKI
**Smt. M. Bilina**
(Special Correspondent) 0486 2227465

ERNAKULAM
**Smt. P. Sindhu**
(Unit Manager) 0484 2531708

THRISSUR
**Mr. Vinod P. Narayan**
(Unit Manager In-charge) 0487 2423284

PALAKKAD
**Mr. S. Amal Raj**
(Unit Manager) 0491 2521900

MALAPPURAM
**Mr. V. S. Jayakrishnan**
(Regional Manager) 0483 2745800

KOZHIKODE
**Mr. C. Manikandan**
(Regional Manager) 0495 2765381

WAYANAD
**Mr. T. V. Raveendran**
(Manager-Books) 0493 6202378

KANNUR
**Mr. G. Jagadish**
(Unit Manager In-charge) 0497 2825100

KASARGODE
**Mr. Vinoy Mathew**
(Chief Correspondent) 0499 4230298

fb.com/mathrubhumiseedofficial

8157011000

## സീഡ് വെബ്സൈറ്റ്

**മാ**തൃഭൂമി സീഡിന്റെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സീഡ് വെബ്സൈറ്റിൽ നിന്ന് മനസ്സിലാക്കാം. സീഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകളും ഫോട്ടോകളും വീഡിയോ ദൃശ്യങ്ങളുമെല്ലാം സീഡ് വെബ്സൈറ്റിൽ (www.mbiseed.com) അപ്‌ലോഡ് ചെയ്യാം. സീഡ് കോ-ഓഡിനേറ്റർമാരായ അധ്യാപകർക്കും സീഡ് പ്രവർത്തകരായ കുട്ടികൾക്കും പ്രകൃതി സംബന്ധമായ ലേഖനങ്ങൾ സീഡ് വെബ് സൈറ്റിലേക്ക് നൽകാവുന്നതാണ്. ഇവ സീഡിന്റെ ഇ-മെയിൽ വിലാസത്തിലേക്ക് അയയ്ക്കണം.



സീഡ് പദ്ധതി സംബന്ധിച്ച എല്ലാ തർക്കങ്ങളും കോഴിക്കോട് കോടതിയുടെ പരിധിയിൽ മാത്രമായിരിക്കും പരിഗണിക്കുക.

## സീഡിന് ലഭിച്ച പ്രധാന ബഹുമതികൾ

**കോർപ്പറേറ്റ് സോഷ്യൽ ക്രൂസേഡർ ഓഫ് ദ ഇയർ അവാർഡ്-Gold 2017 (International Advertising Association)**

**NIPM Best Corporate Citizen Award 2016**

**വേൾഡ് യങ് റീഡർ പ്രൈസ് ഗോ ഗ്രീൻ ടോപ്പ് അവാർഡ് 2014 (WAN-IFRA)**

**കോർപ്പറേറ്റ് സോഷ്യൽ ക്രൂസേഡർ ഓഫ് ദ ഇയർ അവാർഡ്-Gold 2014 (International Advertising Association)**

**വേൾഡ് യങ് റീഡർ പ്രൈസ് 2011 & 2013 (WAN-IFRA)**

**ഒലിവ് ക്രൗൺ ഹരിത പുരസ്കാരം 2012**

**വനമിത്ര പുരസ്കാരം 2012 (Government of Kerala)**

For more details

SEED Project
C/o Mathrubhumi
K.P. Kesava Menon Road
Kozhikode.
Website: www.mbiseed.com
E-mail: mbiseed@gmail.com



**കേ**രളത്തിലെ വിദ്യാലയങ്ങളിൽ മാതൃഭൂമി നടപ്പിലാക്കിവരുന്ന സ്റ്റുഡന്റ് എംപവർമെന്റ് ഫോർ എൻവയോൺമെന്റൽ ഡെവലപ്മെന്റ് (SEED) പദ്ധതിയുടെ പ്രവർത്തനം പത്താം വർഷത്തിലേക്ക് കടക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. പ്രകൃതിയെ കരുതലോടെ കാക്കുന്ന ഒരു തലമുറയെ വാർത്തെടുക്കുന്നതിനാണല്ലോ ഈ സംരംഭം ആരംഭിച്ചത്.

കേരളത്തിലെ ഏഴായിരത്തോളം സ്കൂളുകളിലെ അധ്യാപകരും വിദ്യാർഥികളും ഭാഗമായ ഈ പദ്ധതിയിലൂടെ ഏഴരലക്ഷത്തിലധികം വൃക്ഷത്തൈകൾ സീഡ് അംഗങ്ങൾക്ക് നട്ടു സംരക്ഷിക്കുന്നുണ്ട്. അവയെല്ലാം സംരക്ഷിക്കാനും നിങ്ങൾ മുൻകൈയെടുക്കുന്നു എന്നുള്ളത് അഭിനന്ദനാർഹമായ കാര്യമാണ്. സീഡിന്റെ കുട്ടിക്കർഷകരുടെ നേതൃത്വത്തിൽ നെല്ല്, പച്ചക്കറി, പഴവർഗങ്ങൾ എന്നിവയെല്ലാം ഉത്പാദിപ്പിക്കാനും സാധിച്ചു. നാട്ടുമാവുകളുടെ സംരക്ഷണം, പ്ലാസ്റ്റിക് റീസൈക്ലിങ് എന്നിവ ഉൾപ്പെടെ നിരവധി പരിപാടികളിലൂടെ പ്രകൃതിസംരക്ഷണത്തിന്റെ സന്ദേശം പകർന്ന സീഡിന്റെ പ്രവർത്തനങ്ങളെല്ലാം ശ്ലാഘനീയമാണ്.

പത്താം വാർഷികത്തിന്റെ ഭാഗമായി പ്രസിദ്ധീകരിക്കുന്ന കൈപ്പുസ്തകം ഹരിതസംസ്കാരത്തിനായി പ്രയത്നിക്കുന്ന കുട്ടികൾക്ക് പ്രചോദനമാകട്ടെ എന്നാശംസിക്കുന്നു.

**പിണറായി വിജയൻ**
മുഖ്യമന്ത്രി



**സ**മൂഹനന്മ കുട്ടികളിലൂടെ എന്ന ലക്ഷ്യം മുൻനിർത്തി മാതൃഭൂമി കേരളത്തിലെ വിദ്യാലയങ്ങളിൽ നടപ്പാക്കുന്ന സീഡ് പദ്ധതി പത്താം വർഷത്തിലേക്ക് പ്രവേശിക്കുന്നതിന്റെ ഭാഗമായി ഒരു കൈപ്പുസ്തകം പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷമുണ്ട്.

പ്രകൃതിയെ കരുതലോടെ കാക്കുന്ന ഒരു തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ പ്രയത്നിക്കുന്ന സീഡിന്റെ പ്രവർത്തനങ്ങൾ മാതൃകാപരമാണ്. പ്രകൃതിസംരക്ഷണത്തിനായി വ്യത്യസ്തവും പുതുമയാർന്നതുമായ പദ്ധതികൾ ആവിഷ്കരിച്ച് കുട്ടികളെ മുൻനിർത്തി സമൂഹത്തിന്റെയാകെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന മാതൃഭൂമി സീഡിന്റെ പ്രവർത്തനം ഗംഭീരവിജയം കൈവരിക്കുന്നുവെന്നു കാണുന്നത് ആഹ്ലാദകരമാണ്. ഈ സംരംഭം പരിസ്ഥിതി സംരക്ഷണ രംഗത്ത് ഒരു പുതിയ സംസ്കാരം രൂപപ്പെടുത്തുന്നതിന് സഹായകരമാവുമെന്ന് പ്രതീക്ഷിക്കുന്നു.ഈ ഉദ്യമത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

**പ്രൊഫ. സി. രവീന്ദ്രനാഥ്**
വിദ്യാഭ്യാസ വകുപ്പു മന്ത്രി



**പ്ര**കൃതിസംരക്ഷണത്തിന്റെ മഹത്തായ സന്ദേശം കുട്ടികളിലൂടെ സമൂഹത്തിലെത്തിക്കുവാൻ സീഡ് നടത്തിവരുന്ന പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. വൃക്ഷത്തൈകൾ നട്ടുസംരക്ഷിക്കുന്നതിലും വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടങ്ങളുണ്ടാക്കി പരിപാലിക്കുന്നതിലും മാലിന്യ നിർമാർജന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിലും സീഡിന്റെ മാർഗനിർദേശങ്ങൾ കേരളത്തിന്റെ ഹരിതസമൃദ്ധിയുടെ വീണ്ടെടുപ്പിന് ഏറെ സഹായകരമാണ്. പഠനാനുഭവങ്ങളിലൂടെ പാരിസ്ഥിതികാവബോധം കൂടി വിദ്യാർഥികളിലെത്തിക്കുന്ന ദൗത്യമാണ് ഇവിടെ നിർവഹിക്കപ്പെടുന്നത്. നമ്മുടെ കാർഷിക സംസ്കാരം, ശുചിത്വശീലം, നദികളുടെയും ജലാശയങ്ങളുടെയും ശുദ്ധജല സ്രോതസ്സുകളുടെയും സംരക്ഷണം, ഹരിതപെരുമാറ്റച്ചട്ടം തുടങ്ങിയ വിഷയങ്ങളിൽ കൃത്യമായ അറിവു സിദ്ധിച്ച പുതുതലമുറയാണ് നമുക്കാവശ്യം. പ്രകൃതിക്ക് കരുതലും കാവലുമായി വർത്തിക്കുന്ന ഭാവി ജനതയെ സൃഷ്ടിക്കാൻ കുട്ടികളിലൂടെയുള്ള സീഡിന്റെ ശ്രമത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

**ഡോ.ടി.എൻ. സീമ**
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ
ഹരിത കേരളം മിഷൻ

10 സീഡ് ാം വർഷം

# തോൽപ്പിക്കാം പ്ലാസ്റ്റിക് മാലിന്യത്തെ!

പ്ലാസ്റ്റിക് മാലിന്യത്തിനെതിരേയുള്ള പ്രവർത്തനങ്ങൾക്കുള്ള ആഹ്വാന മാണ് ഐക്യരാഷ്ട്രസഭയുടെ 2018 ലെ ലോകപരിസ്ഥിതിദിന സന്ദേശം. അന്താരാഷ്ട്രതലത്തിലുള്ള പ്രവർത്തനങ്ങളുടെ ആതിഥേയ രാജ്യം ഇന്ത്യ യാണെന്ന പ്രത്യേകതയും ഇക്കുറിയുണ്ട്. പ്ലാസ്റ്റിക് മാലിന്യത്തിനെതിരേ ആത്മാർഥവും വ്യാപകവുമായ പ്രവർത്തനമാണ് ആവശ്യം. പ്ലാസ്റ്റിക് മാലി ന്യത്തിനെതിരേയുള്ള നമ്മുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കാം.

### പ്രായോഗിക പ്രവർത്തനങ്ങൾ

- പ്ലാസ്റ്റിക് ഉപയോഗം കരുതലോടെയാക്കുക.
- ഉപയോഗശൂന്യമായ പ്ലാസ്റ്റിക് പുനരുപയോഗത്തിനായി നൽകുക.
- പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കുക.
- പ്ലാസ്റ്റിക് കത്തിക്കുന്നതിനെതിരേ ബോധവത്കരണം.
- പ്ലാസ്റ്റിക്കിന് പകരമായ വസ്തുക്കൾ പ്രോത്സാഹിപ്പിക്കുക.

# ലവ് പ്ലാസ്റ്റിക്

USE LESS • USE WITH CARE • REDUCE • REUSE
LOVE PLASTIC
A Mathrubhumi - Eastern Initiative

പ്ലാസ്റ്റിക് മാലിന്യങ്ങൾ ശരിയായ രീതിയിൽ ശേഖരിച്ച് പുനരുപയോഗം നടത്തുന്നതിനായി സീഡ് 2011 മുതൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ലവ് പ്ലാസ്റ്റിക്. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് തുടങ്ങിയ ഈ പദ്ധതി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും കുടുംബശ്രീ പ്രവർത്തകരും റെസിഡൻസ് അസോസിയേഷനുകളും ഏറ്റെടുത്ത് വിപുലമാക്കി. സ്കൂളിലും വീട്ടിലും തരംതിരിച്ച് ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഴിയോ നേരിട്ടോ പ്ലാസ്റ്റിക് റീസൈക്ലിങ് യൂണിറ്റുകൾക്ക് കൈമാറുന്നതാണ് രീതി. പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നതിനെതിരേ ബോധവത്കരണപ്രവർത്തനങ്ങളും തുടരുന്നു. യു. എൻ. ഇ.പി.യോടൊപ്പം ചേർന്നു നിന്നുകൊണ്ട് പ്ലാസ്റ്റിക് മാലിന്യം കുറയ്ക്കുന്നതിനുള്ള വിപുലമായ പദ്ധതികൾ നമുക്ക് ഈവർഷം നടപ്പിലാക്കാം.



# സീഡ് പ്രതിജ്ഞ-2018

*മാലിന്യം കലർന്ന ആകാശങ്ങൾ*
*ശ്വാസംമുട്ടുന്ന പുലരികളിലേക്ക് ഉണരുമ്പോൾ*
*താഴെ ഭൂമി ഓരോ പകലും ഓരോ രാത്രിയും*
*അൽപ്പാൽപ്പമായി മരിക്കുമ്പോൾ*
*ഞാനും കുറ്റവാളിയാണ്.*

*ഞാനുപേക്ഷിക്കുന്ന പ്ലാസ്റ്റിക് ബാഗുകൾ*
*കടൽപ്പക്ഷികളെ  കഴുത്തുഞെരിച്ച് കൊല്ലുമ്പോൾ*
*എന്റെ നാട്ടുപുഴകളിലെ മത്സ്യങ്ങൾ*
*സൂര്യന് നേർക്ക് കുടഞ്ഞുചാടാനാവാതെ*
*പ്ലാസ്റ്റിക് ഭക്ഷിച്ച് ചാവുമ്പോൾ*
*ഞാനും കുറ്റവാളിയാണ്.*

*ഞാൻ എറിയുന്ന ഓരോ പ്ലാസ്റ്റിക്ക്തുണ്ടിനോടൊപ്പം,*
*പ്രതീക്ഷകൾ മരിക്കുന്നു, വിഷം ജീവിക്കുന്നു,*
*ജൈവ ഭക്ഷ്യ ശൃംഖലകളെ തകർക്കുന്നു,*
*മൃഗങ്ങളുടെ ജീവിതം താളംതെറ്റിക്കുന്നു.*
*ഞാൻ ചവിട്ടിനടക്കുന്ന ഈ ഭൂമിയെ,*
*ശ്വസിക്കുന്ന വായുവിനെ, കുടിക്കുന്ന വെള്ളത്തെ,*
*എല്ലാറ്റിനെയും പതുക്കെ പതുക്കെ കൊന്നുതീർക്കുന്നു...*

## അതുകൊണ്ട് നമുക്ക് പ്രതിജ്ഞയെടുക്കാം

- ഇവിടെ പിറന്ന അണുകീടങ്ങൾ മുതൽ ആകാശചാരികളായ പക്ഷികളും എണ്ണമറ്റ മൃഗങ്ങളുമെല്ലാം എന്നെപ്പോലെത്തന്നെ ഈ ഭൂമിയുടെ അവകാശികളാണ്, ഇവിടെ ആരോഗ്യത്തോടെ ജീവിക്കാൻ അവകാശമുള്ളവരാണ്.
- പ്ലാസ്റ്റിക് മാലിന്യങ്ങൾ കൊണ്ട് ഈ ഭൂമിയെ വിഷലിപ്തമാക്കി നശിപ്പിക്കാൻ എനിക്ക് ഒരു അവകാശവുമില്ലെന്ന് എപ്പോഴും ഞാൻ ബോധവാനായിരിക്കും.
- അനന്തരതലമുറകളെപ്പോലും രോഗികളാക്കാൻ പോന്ന പ്ലാസ്റ്റിക് മാലിന്യം ഒരിക്കലും ഞാൻ അലക്ഷ്യമായി ഉപേക്ഷിക്കില്ല.
- കഴിയുന്നതും പ്ലാസ്റ്റിക് കലർന്ന കടലാസ് കപ്പുകൾ ഞാൻ ഉപയോഗിക്കില്ല. പുനരുപയോഗം നടത്താവുന്ന തുണിബാഗുകൾ മാത്രമേ ഉപയോഗിക്കൂ. ഏതെങ്കിലും കാരണവശാൽ പ്ലാസ്റ്റിക് ബാഗുകൾ ഉപയോഗിക്കേണ്ടിവന്നാൽ അവ പുനരുപയോഗം നടത്താൻ ഞാൻ ശ്രമിക്കും.
- മഷി നിറയ്ക്കാവുന്ന പേന മാത്രമേ ഇനി ഞാൻ ഉപയോഗിക്കൂ. ഉപയോഗിച്ച് ഉപേക്ഷിക്കുകയും പിന്നീട് പരിസ്ഥിതിക്ക് ദോഷമാകുകയും ചെയ്യുന്ന പ്ലാസ്റ്റിക് ബോൾപോയിന്റ് പേനകൾക്ക് ഇനി എന്റെ ജീവിതത്തിൽ സ്ഥാനമുണ്ടാവില്ല. ഈ കാര്യത്തെക്കുറിച്ച് ഞാൻ എന്റെ കുടുംബത്തെയും സുഹൃത്തുക്കളെയും ബോധമുള്ളവരാക്കുകയും ചെയ്യും.
- ഇന്നുമുതൽ ഒരു കഷ്ണം പ്ലാസ്റ്റിക്പോലും ഞാൻ അലക്ഷ്യമായി ഉപേക്ഷിക്കില്ല.
- ഈ ഭൂമിയെ പരിശുദ്ധിയോടെ നിലനിർത്താനും വരും തലമുറകൾക്ക് ശുദ്ധവും ആരോഗ്യപൂർണവുമായ ജീവിത പരിസരമൊരുക്കുവാനും പ്ലാസ്റ്റിക്കിനെയും മറ്റുതരത്തിലുള്ള വിഷങ്ങളെയും ചെറുക്കുന്ന ഒരു പോരാളിയായി ഞാനു ണ്ടാവും എന്ന് പ്രതിജ്ഞയെടുക്കുന്നു.

*When the polluted skies*
*wake to suffocating dawns*
*and the earth below*
*dies a little*
*every day, and night*
*I too am guilty*

*When my discarded grocery bags*
*strangle the sea birds,*
*the fish in my river*
*jump no more in the sun*
*and die eating plastic trash,*
*I too am guilty*

*With every plastic bit I throw*
*Hopes die, poisons live on,*
*breaking foodchains, animal life,*
*killing the soil, I walk on,*
*the air I breathe, the water I drink*

## HENCE, I TAKE THIS SOLEMN PLEDGE

- That I realise and acknowledge that all creations, from animals and birds to the tiniest planktons, have the same right as I have to live healthy and well in this land.
- That I will always keep in mind that I have no right to destroy the purity and goodness of nature with my plastic wastes.
- That from today, I will not mindlessly throw plastic wastes as it may cause serious diseases, and harm not only people of my generation, but also many more to come.
- That I will not use plasticised paper cups, and will use only reusable cloth bags for my shopping, to the extent possible. I also swear that in the event that I am forced to use plastic bags, I will take all possible care to despatch the plastic bags for re-cycling.
- That I will use refillable ink pens and not the use and throw plastic ballpoint pens, which contribute much to killing the environment. I will also try to educate my friends and family on this urgent necessity.
- That from today, I will not throw any bit of plastic waste carelessly around.
- Thus, I pledge to remain a committed environment warrior who will be part of the fight against plastic and other poisons, and prevent the sad calamity threatening our very future on this planet.

BEAT PLASTIC POLLUTION | WORLD ENVIRONMENT DAY | सत्यमेव जयते INDIA 2018 | UN environment

# പ്രവർത്തനത്തിന്റെ നേർരേഖ...

ഈ വർഷത്തെ പ്രവർത്തനങ്ങൾ രണ്ടു ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. പ്രകൃതിസംരക്ഷണവുമായി ബന്ധപ്പെട്ട അടിസ്ഥാന പ്രവർത്തനങ്ങളാണ് ആദ്യഭാഗത്തുള്ളത്. അനുബന്ധപ്രവർത്തനങ്ങൾ രണ്ടാംഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. സീഡ് മുൻകൈയെടുത്ത് നടപ്പിലാക്കിവരുന്ന മറ്റു സാമൂഹിക പ്രവർത്തനങ്ങളും തുടരാം.

## അടിസ്ഥാന പ്രവർത്തനങ്ങൾ

1 കാർഷികപ്രവർത്തനങ്ങൾ
2 ജലസംരക്ഷണം
3 ജൈവവൈവിധ്യ പരിരക്ഷ
4 ശുചിത്വവും ആരോഗ്യവും
5 ഊർജസംരക്ഷണം

## അനുബന്ധ പ്രവർത്തനങ്ങൾ

1 പൂമ്പാറ്റയ്ക്കൊരു പൂന്തോട്ടം
2 എന്റെ പ്ലാവ് എന്റെ കൊന്ന
3 നാട്ടുമാഞ്ചോട്ടിൽ
4 മധുരവനം
5 പച്ചയെഴുത്തും വരയും പാട്ടും

## മറ്റു പ്രവർത്തനങ്ങൾ

- ലവ് പ്ലാസ്റ്റിക്
- സീസൺ വാച്ച്
- സീഡ് റിപ്പോർട്ടർ
- ജെം ഓഫ് സീഡ്
- സീഡ് പോലീസ്
- കടലാമയ്ക്കൊരു കൈത്താങ്ങ്



# ഈ വർഷം
# എന്തു ചെയ്യണം
# എങ്ങനെ ചെയ്യണം?



**2018** ജൂൺ 5 മുതൽ ഡിസംബർ 31 വരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് ഈ വർഷത്തെ അവാർഡ് ജേതാക്കളെ നിർണയിക്കുക. പ്രവർത്തനത്തിന്റെ മാർഗരേഖ ഈ കൈപ്പുസ്തകത്തിൽ ചേർത്തിട്ടുണ്ട്. യു.എൻ.ഇ.പി.യുടെ ആഹ്വാനമനുസരിച്ച് പ്ലാസ്റ്റിക് മാലിന്യത്തിനെതിരേയുള്ള പ്രവർത്തനമാണ് ഏറ്റവും പ്രധാനം. മറ്റു പ്രവർത്തനങ്ങളെ രണ്ട് ഭാഗങ്ങളാക്കി തിരിച്ചിട്ടുണ്ട്, അടിസ്ഥാനപ്രവർത്തനങ്ങളും അനുബന്ധപ്രവർത്തനങ്ങളും. കൈപ്പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന മാർഗരേഖയനുസരിച്ച് വിപുലമായ പരിപാടികൾ നടത്താം. കേരള സർക്കാർ നടപ്പിലാക്കുന്ന ഹരിതകേരളം പദ്ധതിയുടെ പ്രവർത്തനങ്ങളും ഉൾപ്പെടുത്താം.

സ്കൂളിൽ നടത്തിയ പരിപാടികളുടെ സമ്പൂർണവിവരങ്ങൾ അടങ്ങുന്ന റിപ്പോർട്ടാണ് അവാർഡിനായി സമർപ്പിക്കേണ്ടത്. പരിപാടികളുടെ വിശദാംശങ്ങൾ, നോട്ടീസ്, ഫോട്ടോ, വീഡിയോ എന്നിവയെല്ലാം റിപ്പോർട്ടിനൊപ്പം ചേർക്കാം. സീഡ് റിപ്പോർട്ടുകൾ 2019 ജനുവരി 15-നകം മാതൃഭൂമി ജില്ലാ ഓഫീസിൽ എത്തിക്കണം. റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മികച്ച പ്രവർത്തനം നടത്തിയ സ്കൂളുകളെ തിരഞ്ഞെടുക്കും. സ്കൂളുകളിൽ പ്രത്യേക ജൂറി സന്ദർശനം നടത്തി വിലയിരുത്തൽ നടത്തിയ ശേഷമേ അവാർഡ് ജേതാക്കളെ നിർണയിക്കുകയുള്ളൂ.

സീഡ് പദ്ധതിയിൽ മുൻപ് രജിസ്റ്റർ ചെയ്തിട്ടുള്ള സ്കൂളുകൾ വീണ്ടും രജിസ്റ്റർ ചെയ്യേണ്ടതില്ല. ഹെഡ്മാസ്റ്റർ /പ്രിൻസിപ്പൽ, സീഡ് കോഡിനേറ്റർ ഇവർ മാറിയിട്ടുണ്ടെങ്കിൽ മാതൃഭൂമി പ്രതിനിധിയെ അറിയിക്കണം. എൽ.പി. വിഭാഗം മുതൽ ഹയർ സെക്കൻഡറി വരെയുള്ള സ്കൂളുകൾക്ക് പദ്ധതിയിൽ പങ്കാളികളാവാം. എൽ.പി. വിഭാഗത്തിന് പ്രത്യേക സമ്മാനങ്ങൾ ഉണ്ട്. എന്നാൽ ഇവർക്ക് പൊതുവിഭാഗത്തിൽ മത്സരിച്ച് സമ്മാനം നേടുന്നതിന് തടസ്സമില്ല.

**6997 SCHOOLS**

2017-18 വിദ്യാഭ്യാസ വർഷത്തിൽ 6,997 വിദ്യാലയങ്ങളാണ് സീഡിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചത്

**സ്കൂളിന്റെ വലുപ്പമോ കുട്ടികളുടെ എണ്ണമോ അവാർഡ് നിർണയത്തെ സ്വാധീനിക്കില്ല. പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള സ്കൂളുകൾക്കും മുൻ വർഷങ്ങളിൽ നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.**

**റിപ്പോർട്ടുകൾ കാര്യമാത്രപ്രസക്തവും ആവർത്തനം ഇല്ലാത്തതുമാവണം.**

**റിപ്പോർട്ടിനൊപ്പം സമർപ്പിക്കുന്ന CD, DVD തുടങ്ങിയവയിൽ സ്കൂളിന്റെ പേരും അതിലുള്ള ഉള്ളടക്കം എന്തെന്നും എഴുതണം.**

**മുൻവർഷങ്ങളിൽ അവാർഡ് കിട്ടിയത് വീണ്ടും ലഭിക്കുന്നതിന് തടസ്സമല്ല.**

# അടിസ്ഥാന പ്രവർത്തനങ്ങൾ

## 1

### അന്നം തരുന്ന അറിവ്

# കാർഷികം

**പ്രായോഗിക പ്രവർത്തനങ്ങൾ**

- സ്കൂളിലൊരു കൃഷിയിടം
- ഇലക്കൃഷിത്തോട്ടം
- സ്കൂളിൽ കാർഷികമേള
- സ്കൂളിൽ ഭക്ഷ്യമേള
- എന്റെ വീട് എന്റെ കൃഷി
- ജൈവകൃഷി

**സ്കൂ**ൾമുറ്റത്തെ കുറച്ചു സ്ഥലത്തും നമുക്ക് കൃഷി ചെയ്യാം, കൃഷി പഠിക്കാം. പച്ചക്കറികൾ മറ്റു കാർഷിക വിളകൾ എന്നിവയുടെ നടീൽ, വളപ്രയോഗം കീടനിയന്ത്രണം, വിളവെടുപ്പ്, ഭക്ഷ്യഉപയോഗം എന്നിവയൊക്കെ പഠനത്തിനപ്പുറത്തേക്കുള്ള വഴികളാണ്. സ്കൂളിൽ മാത്രമല്ല വീട്ടിലുമാവാം കൃഷി.

**green challenge**

പുതുമയുള്ള ഒരു കൃഷിരീതി ഞങ്ങളുടെ സ്കൂളിന്റേതായി പരീക്ഷിക്കും.

## 2

### ജീവന്റെ തുള്ളികൾ

# ജലസംരക്ഷണം

**പ്രായോഗിക പ്രവർത്തനങ്ങൾ**

- ഭൂഗർഭജലം വർധിപ്പിക്കൽ
- മണ്ണിന് പുതയിട്ട് സംരക്ഷണം
- കിണറുകളിലെ ജലനിരപ്പ് രേഖപ്പെടുത്തൽ
- ജല മലിനീകരണം തടയൽ
- ജലസ്രോതസ്സുകളുടെ സംരക്ഷണം

ജലം വളരെ ശ്രദ്ധയോടെ ഉപയോഗിക്കണം. ഭാവിയിലെ ആവശ്യങ്ങൾകൂടി മുന്നിൽക്കണ്ട് വേണം ജലസംരക്ഷണപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ. ഭൂഗർഭജലസംരക്ഷണത്തിന് വലിയ പ്രാധാന്യം നൽകണം. മണ്ണിൽ നേരിട്ട് വെയിൽ തട്ടാതിരുന്നാൽ വലിയൊരളവ് ജലം സംരക്ഷിക്കാൻ കഴിയും. ജലസംരക്ഷണം എല്ലാവരുടെയും കടമയാണ്.

**just one drop**

ജലത്തിന്റെ പ്രാധാന്യം എല്ലാവരെയും പഠിപ്പിക്കാനായി ജലസാക്ഷരതായജ്ഞം നടത്താം.



**തണ്ണീർത്തടത്തിന്റെ കണ്ണീരൊപ്പാം**

തണ്ണീർത്തടങ്ങൾ കണ്ടെത്തി അവയുടെ നിലനിൽപ്പിനായി ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കാം.

# 3

## ജീവന്റെ കൂട്ടുകാർ

# ജൈവവൈവിധ്യം

**വ്യ**ത്യസ്ത ജീവജാലങ്ങളും അവ ചേർന്നുണ്ടാകുന്ന പ്രകൃതിയുടെ ക്രമവും നിലനിർത്തേണ്ടത് അത്യാവശ്യമാണ്. മനുഷ്യരും മറ്റുജീവജാലങ്ങളും എല്ലാം അടങ്ങുന്നതാണ് ഈ ശൃംഖല. ഇതിൽ ഒരു ചെറിയ കണ്ണി നഷ്ടപ്പെട്ടാൽപ്പോലും അത് ജീവവ്യവസ്ഥയെ ബാധിക്കും. ജീവജാലങ്ങളെ ഒന്നാകെ നിലനിർത്തുകയാണ് ആവശ്യം.

### പ്രായോഗിക പ്രവർത്തനങ്ങൾ

- ജൈവവൈവിധ്യ പാർക്ക്
- സീഡ് ബാങ്ക്
- പരിസ്ഥിതിപഠന റിപ്പോർട്ട്
- പരിസ്ഥിതിയാത്ര
- നാട്ടറിവുശേഖരണം

# 4

## ആയുസ്സ് നീട്ടുന്ന വഴികൾ

# ശുചിത്വം ആരോഗ്യം

**ആ**രോഗ്യമുള്ള മനുഷ്യരെയും സമൂഹത്തെയും സൃഷ്ടിക്കുന്നതിൽ ശുചിത്വത്തിനുള്ള പങ്ക് വളരെ വലുതാണ്. പരിസരമലിനീകരണം ആരോഗ്യപ്രശ്നമെന്നതുപോലെ പാരിസ്ഥിതിക പ്രശ്നവുമാണ്. വിദ്യാർഥികൾ ശുചിത്വബോധവും ശീലവും വളർത്തിയെടുക്കണം

### പ്രായോഗിക പ്രവർത്തനങ്ങൾ

- ക്ലാസിൽ ശുചിത്വ ചാർട്ട്
- ബാക്കിയാക്കാത്ത ഭക്ഷണം
- വീടുകളിലും ശുചിത്വം
- ആർത്തവ ശുചിത്വം
- പ്ലാസ്റ്റിക് നിയന്ത്രിത വിദ്യാലയം
- ഒരു പരിപാടിയിലും ഫ്ളക്സ് ഉപയോഗിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം

# 5

## നാളേയ്ക്കൊരു കരുതൽ

# ഊർജസംരക്ഷണം

**ഇ**ന്ധനലാഭവും സാമ്പത്തികനേട്ടവും സമൂഹബോധവും ഒരുമിച്ചുണ്ടാക്കാൻ പൊതു ഗതാഗത സംവിധാനത്തെ പരമാവധി പ്രോത്സാഹിപ്പിക്കണം. ഊർജത്തിന്റെ കരുതലോടെയുള്ള ഉപയോഗം കാലഘട്ടത്തിന്റെ ആവശ്യമാണ്. ക്ലാസ് മുറികൾ കഴിവതും പ്രകൃതിസൗഹൃദമാക്കിയാൽ ഊർജ ഉപയോഗത്തെക്കുറിച്ചുള്ള ശരിയായ പാഠങ്ങൾ മനസ്സിലാക്കാൻ കഴിയും.

### പ്രായോഗിക പ്രവർത്തനങ്ങൾ

- സൈക്കിൾയാത്രയ്ക്ക് മുൻഗണന
- മരച്ചോട്ടിൽ ക്ലാസ് മുറികൾ
- ബയോഗ്യാസ് ഉപയോഗം
- ഊർജ ഉപയോഗ ബോധവത്കരണം
- ട്രാഫിക് ബ്ലോക്കിനെതിരേ പ്രചാരണം

# അനുബന്ധ പ്രവർത്തനങ്ങൾ

## 1 പ്രകൃതിയിലേക്കുള്ള ചിറകടികൾ

## പൂമ്പാറ്റയ്ക്കൊരു പൂന്തോട്ടം

**അ**തിശയങ്ങളുടെ കലവറയാണ് പൂമ്പാറ്റകളുടെ ലോകം. പ്രകൃതിയെക്കുറിച്ചുള്ള അറിവുകളുടെ വഴിയാണത്. ഓരോ സ്കൂളിലും ഒരു പൂമ്പാറ്റപ്പാർക്ക് ഒരുക്കാം. പൂമ്പാറ്റകൾ തേൻശേഖരിക്കുന്ന ചെടികളും മുട്ടയിടുന്ന ചെടികളും കണ്ടെത്തി നട്ടുവളർത്തണം. പൂമ്പാറ്റകളെ തിരിച്ചറിയണം. അവയെക്കുറിച്ചുള്ള അറിവുകൾ രേഖപ്പെടുത്തണം.

### പ്രായോഗിക പ്രവർത്തനങ്ങൾ

- പൂമ്പാറ്റകളെ തിരിച്ചറിയൽ
- പൂമ്പാറ്റയുടെ ജീവിതചക്രം നിരീക്ഷിക്കൽ
- ചെടികളും പൂമ്പാറ്റകളുമായുള്ള ബന്ധം
- നാട്ടുപൂക്കളെക്കുറിച്ചുള്ള അറിവുകൾ

പീച്ചിയിലെ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KFRI) പൂമ്പാറ്റ പാർക്ക് ഒരുക്കുന്നതിനുള്ള സാങ്കേതിക ഉപദേശങ്ങൾ നല്കുന്നുണ്ട്. ബന്ധപ്പെടേണ്ട വിലാസം:

Forest Entomology, Kerala Forest Research Institute, Peechi, Thrissur- 680 653.
Tel: +91-487-2690320 e-mail: butterfly@kfri.res.in

## 2 പൂവും കായും കണ്ടറിയാം

## എന്റെ പ്ലാവ് എന്റെ കൊന്ന

**സം**സ്ഥാനഫലമായ ചക്കയ്ക്കും സംസ്ഥാന പുഷ്പമായ കണിക്കൊന്നയ്ക്കുമായി ഒരിടം ഒരുക്കാം. കണിക്കൊന്നയും പ്ലാവും സ്കൂളിൽ വെച്ചു പിടിപ്പിക്കാം. കൊന്നമരത്തെക്കുറിച്ചും ചക്കയെക്കുറിച്ചുമുള്ള സമ്പൂർണവിവരങ്ങൾ ശേഖരിക്കാം. കണിക്കൊന്ന, പ്ലാവ് എന്നിവ നട്ടു പരിപാലിക്കാം.

### പ്രായോഗിക പ്രവർത്തനങ്ങൾ

- ചക്കയെക്കുറിച്ച് കൈയെഴുത്തു പത്രം
- ചക്കവിഭവങ്ങൾ ഉപയോഗപ്പെടുത്തൽ
- പ്ലാവിനങ്ങളെക്കുറിച്ച് സർവേ
- കണിക്കൊന്നയുടെ പൂവിടൽക്കാലം നിരീക്ഷിക്കൽ

## 3 മധുരിക്കും ഓർമകളേ...

# നാട്ടുമാഞ്ചോട്ടിൽ

**കേ**രളത്തിലെ നാട്ടുമാവുകളുടെ സംരക്ഷണത്തിനായി തുടങ്ങിയ നാട്ടുമാഞ്ചോട്ടിൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ തുടരാം. നാട്ടുമാവുകൾ തിരിച്ചറിയുകയും സംരക്ഷിക്കുകയും പുതിയവ നട്ടുവളർത്തുകയും പ്രചരിപ്പിക്കുകയും വേണം.

### പ്രായോഗിക പ്രവർത്തനങ്ങൾ

- നാട്ടുമാവ് നഴ്സറി
- നാട്ടുമാവിൻ തൈകൾ വിതരണം
- നാട്ടുമാവ് രജിസ്റ്റർ
- മാങ്ങവിഭവങ്ങളുടെ ഭക്ഷ്യമേള
- സ്കൂളിലൊരു നാട്ടുമാന്തോപ്പ്

## 4 വിശപ്പിന് നാട്ടുപഴം

# മധുരവനം

**കാ**യ്ക്കാത്ത മരങ്ങളെക്കാൾ നല്ലതാണ് കായ്ക്കുന്ന മരങ്ങൾ. അവ തണലും ഓക്സിജനും മാത്രമല്ല, ഭക്ഷണവുംകൂടി തരുന്നു. നമ്മുടെ കാലാവസ്ഥയിൽ നന്നായി വളരുന്ന നിരവധി ഫലവൃക്ഷങ്ങളുണ്ട്. അവയെല്ലാം തേടിപ്പിടിച്ച് സ്കൂൾ കാമ്പസുകളിലും വീട്ടുവളപ്പിലും നട്ടുവളർത്താം. മരങ്ങളെ നമുക്കൊരു മധുരവനമാക്കി മാറ്റാം.

### പ്രായോഗിക പ്രവർത്തനങ്ങൾ

- ഫലവൃക്ഷങ്ങളുടെ തൈകൾ ശേഖരിക്കൽ
- ഒരോ മരത്തിന്റെയും പൂക്കാലം രേഖപ്പെടുത്തൽ
- പഴങ്ങളെക്കുറിച്ചുള്ള അറിവുകൾ
- പക്ഷിനിരീക്ഷണം

## 5 കലയിലെ കനികൾ

# പച്ചയെഴുത്തും വരയും പാട്ടും

**പ**രിസ്ഥിതിസംരക്ഷണത്തിനായി നിരവധി കലാരൂപങ്ങൾ ഉപയോഗപ്പെടുത്താറുണ്ട്. കഥ, പാട്ട്, ചിത്രം, തെരുവുനാടകം, പോസ്റ്റർ അങ്ങനെ പലതും. ഇത്തരത്തിലുള്ള കലാപ്രവർത്തനങ്ങൾ സ്കൂളിൽനിന്ന് സമൂഹത്തിലേക്കുള്ള വഴികളാവുന്നു.

### പ്രായോഗിക പ്രവർത്തനങ്ങൾ

- പ്രകൃതികഥകളുടെയും കവിതകളുടെയും സമാഹാരം
- നാട്ടറിവുകളുടെ ശേഖരം
- നാടൻകലാപരിചയം
- നാട്ടുത്സവങ്ങളുടെ ചരിത്രം
- കലാപ്രദർശനങ്ങൾ

### നേച്ചർ ഷോർട്ട് ഫിലിം നിർമിക്കാം

**സാ**ങ്കേതികവിദ്യകളുടെ പഠനത്തിലും ഉപയോഗത്തിലും വളരെ മുന്നിലാണല്ലോ വിദ്യാർഥികൾ. പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങളിലും ഈ കഴിവുകൾ ഉപയോഗപ്പെടുത്താം. പ്രകൃതിയുമായി ബന്ധപ്പെട്ടവിഷയങ്ങളിൽ സ്കൂളുകൾക്ക് ഷോർട്ട് ഫിലിമുകൾ തയ്യാറാക്കാം. വിദ്യാർഥികൾ മാത്രമോ, വിദ്യാർഥികളും അധ്യാപകരും ചേർന്നോ ഫിലിം നിർമിക്കാം. അഞ്ചുമിനിറ്റാണ് പരമാവധി സമയം. ഇംഗ്ലീഷിൽ സബ്ടൈറ്റിലുകൾ നൽകണം. സീഡിന്റെ വാർഷിക റിപ്പോർട്ടിനൊപ്പം വേണം ഷോർട്ട് ഫിലിം സമർപ്പിക്കാൻ.

# വിദ്യാലയത്തിന് പുറത്തേക്ക്...

## ഉത്സാഹത്തോടെ സീഡ് പോലീസ്



**സ്കൂ**ൾപ്രവർത്തനങ്ങളോടൊപ്പം പരിസ്ഥിതി പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകാൻ കഴിവുള്ള മിടുക്കന്മാരെയും മിടുക്കികളെയും രൂപപ്പെടുത്തിയെടുക്കലാണ് സീഡ് പോലീസ് പ്രവർത്തനത്തിലൂടെ ലക്ഷ്യമിടുന്നത്. ഉത്സാഹത്തോടെ പ്രവർത്തിക്കുന്നവർക്ക് കൂടുതൽ അവസരങ്ങൾ നൽകുന്ന വിധത്തിൽ സീഡ് പോലീസിന്റെ ചുമതല നൽകാൻ അധ്യാപക കോ-ഓഡിനേറ്റർമാർ ശ്രമിക്കണം.

## കടലാമയ്ക്കൊരു കൈത്തൊട്ടിൽ

**കാ**തങ്ങൾ താണ്ടി നമ്മുടെ കടൽത്തീരത്ത് മുട്ടയിടാനെത്തുന്ന ഒലിവ് റിഡ്‌ലി ആമകൾക്ക് സംരക്ഷണം ഒരുക്കുന്ന പദ്ധതി. കടലാമസംരക്ഷ




ണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന പ്രാദേശിക പരിസ്ഥിതി സംഘടനകളുമായി സഹകരിച്ചാണ് ഇത് നടപ്പിലാക്കുന്നത്. കടലാമസംരക്ഷണത്തിനായുള്ള പ്രചാരണ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാം.



## അംഗീകാരമായി ജെം ഓഫ് സീഡ്



**സീഡ്** പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ മികവ് പ്രദർശിപ്പിക്കുന്ന വിദ്യാർഥികൾക്കുള്ള അംഗീകാരമാണ് ജെം ഓഫ് സീഡ്. ഈ വർഷത്തെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ അധ്യാപക കോ-ഓഡിനേറ്റർമാർക്ക് ഇതിനായി വിദ്യാർഥികളുടെ പേരുകൾ നിർദേശിക്കാം. ജെം ഓഫ് സീഡ് നിർദേശങ്ങൾ സീഡ് റിപ്പോർട്ടിനൊപ്പം സമർപ്പിച്ചാൽ മതി. ഒരു വിദ്യാലയത്തിൽ നിന്ന് മൂന്നുകുട്ടികളെ വരെ ജെം ഓഫ് സീഡ് പുരസ്കാരത്തിന് നിർദേശിക്കാം. ഓരോരുത്തരും ചെയ്ത വേറിട്ടപ്രവർത്തനങ്ങളുടെ വിശദാംശങ്ങളും നൽകണം.

# സീസൺ വാച്ച്
# ദേശീയതലത്തിൽ നടപ്പിലാക്കുന്ന സിറ്റിസൺ സയൻസ് പ്രോജക്ട്

**കാ**ലാവസ്ഥാവ്യതിയാനത്തിനനുസരിച്ച് മരങ്ങളിലുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് പഠനം നടത്തുന്ന സിറ്റിസൺ സയൻസ് പ്രോജക്ടാണ് സീസൺ വാച്ച്. നാഷണൽ സെന്റർ ഫോർ ബയോളജിക്കൽ സയൻസസ് (NCBS) ദേശീയതലത്തിൽ നടപ്പിലാക്കുന്ന

seasonwatch

ഈ പദ്ധതിയിൽ സീഡ് പ്രവർത്തകരും പങ്കെടുക്കുന്നു. തിരഞ്ഞെടുത്ത 25 ഇനം വൃക്ഷങ്ങളെക്കുറിച്ചാണ് പഠനം. ഇതുവരെ നടത്തിയ പഠനത്തിന്റ ശാസ്ത്രീയ വിവരങ്ങൾ സീസൺവാച്ച് വെബ്സൈറ്റിൽ കാണാം.

സീഡിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകൾക്കും സീസൺവാച്ച് പദ്ധതിയുടെ ഭാഗമാകാം. എങ്ങനെയാണ് മരങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ രേഖപ്പെടുത്തേണ്ടതെന്ന് സീസൺവാച്ച് വെബ്സൈറ്റിലുണ്ട്. സീസൺവാച്ച് പദ്ധതിയിൽ വിവരങ്ങൾ രേഖപ്പെടുത്താൻ സഹായിക്കുന്ന മൊബൈൽ ആപ് ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്ന് സൗജന്യമായി ലഭിക്കും.

കൂടുതൽ വിവരങ്ങളോ നിർദേശങ്ങളോ ആവശ്യമാണെങ്കിൽ സീസൺ വാച്ചിന്റെ കേരളത്തിലെ കോ-ഓഡിനേറ്ററായ മുഹമ്മദ് നിസാറിനെ 09446447666 എന്ന നമ്പറിൽ ബന്ധപ്പെടാം.

Website : www.seasonwatch.in/seed





## സ്റ്റാറാവാൻ
## സീഡ് റിപ്പോർട്ടർ

**പ**രിസ്ഥിതിയുമായി ബന്ധപ്പെട്ട വാർത്തകൾ മാതൃഭൂമി പത്രം, മാതൃഭൂമി ന്യൂസ്, ക്ലബ് എഫ്.എം., ബാലഭൂമി എന്നിവയിലൂടെ ലോകത്തെ അറിയിക്കാൻ വിദ്യാർഥികൾക്ക് അവസരമുണ്ട്. പ്രകൃതിയുമായി ബന്ധപ്പെട്ട വാർത്തകൾ നന്നായി തയ്യാറാക്കുകയാണ് ആദ്യ ജോലി. ഇക്കാര്യത്തിൽ സഹായം ആവശ്യമെങ്കിൽ ലഭ്യമാക്കും. വാർത്ത മാതൃഭൂമി സീഡ് പ്രതിനിധിയെ ഏൽപ്പിക്കണം. പ്രസിദ്ധീകരണയോഗ്യമായ വാർത്തകൾ ഉപയോഗപ്പെടുത്തും.

# എന്റെ തെങ്ങ്

**മാ**തൃഭൂമി സീഡും നാളികേര വികസന ബോർഡും ചേർന്ന് കേരളത്തിലെ വിദ്യാലയങ്ങളിൽ പ്രാവർത്തികമാക്കിയ പദ്ധതിയാണ് 'എന്റെ തെങ്ങ്'. സ്കൂളുകളിൽ കേരവൃക്ഷത്തെ നട്ട് പരിരക്ഷിക്കുന്നതിലൂടെ നമ്മുടെ സംസ്ഥാന വൃക്ഷത്തെ കൂടുതൽ അടുത്തറിയാൻ വിദ്യാർഥികൾക്ക് കഴിഞ്ഞു.





10 സീഡ്
ാം വർഷം

## വിശിഷ്ട ഹരിതവിദ്യാലയങ്ങൾ

**2009-10** എസ്.എൻ.ഡി.പി. ഹൈസ്കൂൾ നീലീശ്വരം, എറണാകുളം

**2010-11** ജവഹർ നവോദയ വിദ്യാലയം ലക്കിടി, വയനാട്

**2011-12** എസ്.വി.ജി.വി. എച്ച്.എസ്.എസ്. കിടങ്ങന്നൂർ, പത്തനംതിട്ട

**2012-13** എച്ച്.ഡി.പി.സമാജം എച്ച്.എസ്. എടതിരിഞ്ഞി, തൃശ്ശൂർ

**2013-14** വി. വി. എച്ച്. എസ്. എസ്. താമരക്കുളം, ആലപ്പുഴ

**2014-15** ജി.യു.പി.എസ്. ഭീമനാട് പാലക്കാട്

**2015-16** എരഞ്ഞിമങ്ങാട് ജി.യു.പി.സ്കൂൾ മലപ്പുറം

**2016-17** കൂത്തുപറമ്പ് എച്ച്.എസ്.എസ്. തൊക്കിലങ്ങാടി, കണ്ണൂർ

**2017-18** ജി. വി. എച്ച്.എസ്.എസ്. രാജകുമാരി, ഇടുക്കി

## സീഡ് പ്രവർത്തനങ്ങളുടെ നേട്ടങ്ങൾ ഒറ്റനോട്ടത്തിൽ

| നേട്ടങ്ങൾ | 2009-10 | 2010-11 | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 | TOTAL |
|---|---|---|---|---|---|---|---|---|---|---|
| പച്ചക്കറി *(കി. ഗ്രാം)* | | 7,230 | 2,721 | 84,287 | 99,416 | 1,54,732 | 1,72,000 | 1,77,780 | 1,37,230 | **8,35,396** |
| നെല്ല് *(കി. ഗ്രാം)* | | 2,862 | 2,268 | 26,498 | 23,982 | 61,355 | 44,392 | 33,129 | 50,505 | **2,44,991** |
| പഴവർഗങ്ങൾ *(കി. ഗ്രാം)* | | 5,115 | 1,542 | 46,373 | 46,671 | 53,741 | 1,23,000 | 77,072 | 80,404 | **4,33,918** |
| നട്ടുസംരക്ഷിച്ച വൃക്ഷത്തൈകൾ | 1,08,963 | 1,19,407 | 70,983 | 87,359 | 51,184 | 98,662 | 94,277 | 67,765 | 52,655 | **7,51,255** |
| പോസ്റ്റർ പ്രദർശനം | 693 | 1,599 | 1,333 | 4,833 | 4,345 | 7,803 | 9,404 | 6,160 | 8,762 | **44,932** |
| ബോധവത്കരണ പ്രവർത്തനങ്ങൾ | 988 | 1,379 | 1,432 | 3,475 | 4,680 | 5,362 | 8,001 | 4,594 | 9,823 | **39,734** |
| സെമിനാറുകൾ | 935 | 2,783 | 2,133 | 3,980 | 3,477 | 6,233 | 7,811 | 5,976 | 7,359 | **40,687** |
| റാലികൾ | 477 | 756 | 1,143 | 2,325 | 1,964 | 4,463 | 4,840 | 3,712 | 5,397 | **25,077** |

# ഹരിതോത്സവത്തിന്റെഭാഗമാകാം



ഹരിതകേരളം പദ്ധതിയുടെ ഭാഗമായി കേരളസർക്കാർ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ 'ഹരിതോത്സവം' നടപ്പിലാക്കുകയാണ്. ഹരിതോത്സവത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ സീഡ് അവാർഡ് നിർണയത്തിൽ പരിഗണിക്കുന്നതാണ്. ഈ പരിപാടികളുടെ വിവരങ്ങൾ സീഡ് റിപ്പോർട്ടിൽ പ്രത്യേകം ചേർക്കണം.

## ദിനാചരണ കലണ്ടർ

### 2018 ജൂൺ

**5: ലോക പരിസ്ഥിതി ദിനം**
8: ലോക സമുദ്ര ദിനം
12: ലോക ബാലവേലവിരുദ്ധ ദിനം
14: ലോക രക്തദാന ദിനം
**17: മരുവത്കരണവിരുദ്ധ ദിനം**
19: വായന ദിനം
21: അന്തർദേശീയ യോഗ ദിനം, സംഗീത ദിനം
26: അന്തർദേശീയ ലഹരിമരുന്നുവിരുദ്ധ ദിനം

### 2018 ജൂലായ്

**1: ഡോക്ടേഴ്സ് ദിനം**
11: ലോക ജനസംഖ്യാ ദിനം
21: ചാന്ദ്ര ദിനം
**28: ലോക പ്രകൃതിസംരക്ഷണ ദിനം**
29: ലോക കടുവ ദിനം

### 2018 ഓഗസ്റ്റ്

6: ഹിരോഷിമ ദിനം
**9: ഹരിതോത്സവം പുനരുപയോഗ ദിനം**
നാഗസാക്കി ദിനം, ക്വിറ്റ് ഇന്ത്യാ ദിനം
12: ലോക ആന ദിനം
15: സ്വാതന്ത്ര്യ ദിനം
20: ലോക കൊതുക് (നിവാരണ) ദിനം
22: ലോക നാട്ടറിവുദിനം
**29: ദേശീയ കായിക ദിനം**
ആണവപരീക്ഷണവിരുദ്ധ ദിനം

### 2018 സെപ്റ്റംബർ

2: ലോക നാളികേര ദിനം
5: അധ്യാപക ദിനം
8: ലോക സാക്ഷരതാ ദിനം
**16: ഓസോൺ ദിനം**
18: ലോക മുള ദിനം
21: അൽഷിമേഴ്സ് ദിനം
23: ലോക ബധിര ദിനം

### 2018 ഒക്ടോബർ

1: ലോക വൃദ്ധ ദിനം
**2: ഗാന്ധിജയന്തി,**
ലോക അഹിംസാ ദിനം
4: ലോക മൃഗക്ഷേമ ദിനം
11: അന്താരാഷ്ട്ര ബാലികാ ദിനം
**16: ലോക ഭക്ഷ്യ ദിനം**
17: ലോക ദാരിദ്ര്യനിർമാർജന ദിനം
24: ഐക്യരാഷ്ട്ര ദിനം

### 2018 നവംബർ

1: കേരളപ്പിറവി
10: അന്താരാഷ്ട്ര ശാസ്ത്ര ദിനം
11: ദേശീയ വിദ്യാഭ്യാസ ദിനം
12: ദേശീയ പക്ഷിനിരീക്ഷണ ദിനം
14: ശിശുദിനം, ലോക പ്രമേഹ ദിനം
**17: സർവ്വദേശീയ വിദ്യാർഥി ദിനം**
20: ദേശീയ ബാലാവകാശ ദിനം

### 2018 ഡിസംബർ

1: ലോക എയ്ഡ്സ് ദിനം
3: ലോക ഭിന്നശേഷി ദിനം
5: ലോക മണ്ണ് ദിനം
10: മനുഷ്യാവകാശ ദിനം
11: ലോക പർവത ദിനം
14: ദേശീയ ഊർജ സംരക്ഷണ ദിനം

### 2019 ജനുവരി

12: ദേശീയ യുവജന ദിനം
25: ദേശീയ വിനോദസഞ്ചാര ദിനം
26: റിപ്പബ്ലിക് ദിനം
29: ദേശീയ പത്ര ദിനം

### 2019 ഫെബ്രുവരി

2: ലോക തണ്ണീർത്തട ദിനം
20: ലോക സാമൂഹികനീതി ദിനം
21: ലോക മാതൃഭാഷാ ദിനം
27: അന്തർദേശീയ ധ്രുവക്കരടി ദിനം
28: ദേശീയ ശാസ്ത്ര ദിനം

### 2019 മാർച്ച്

1: വിവേചനരഹിത ദിനം
3: ലോക വന്യജീവി ദിനം
8: ലോക വനിതാ ദിനം
14: അന്താരാഷ്ട്ര പുഴസംരക്ഷണ ദിനം
20: ലോക കുരുവി ദിനം
21: ലോക വന ദിനം
22: ലോക ജല ദിനം
23: ലോക കാലാവസ്ഥാ ദിനം

### 2019 ഏപ്രിൽ

2: ലോക ഓട്ടിസം അവബോധ ദിനം,
അന്താരാഷ്ട്ര ബാലപുസ്തക ദിനം
6: അന്താരാഷ്ട്ര കായിക ദിനം
7: ലോക ആരോഗ്യ ദിനം
18: ലോക പൈതൃക ദിനം
22: ഭൗമ ദിനം
23: ലോക പുസ്തക ദിനം

### 2019 മേയ്

12: ലോക ദേശാടനപ്പക്ഷി ദിനം
15: അന്താരാഷ്ട്ര കുടുംബ ദിനം
22: അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനം
23: ലോക ആമ ദിനം
31: ലോക പുകയിലവിരുദ്ധ ദിനം

കേരളസർക്കാർ സ്കൂളുകളിൽ നടപ്പിലാക്കുന്ന ഹരിതകേരളം-ഹരിതോത്സവത്തിൽ ആഘോഷിക്കുന്ന ദിനങ്ങളാണ് പച്ചനിറത്തിൽ അടയാളപ്പെടുത്തിയിരിക്കുന്നത്.

ഹരിതകേരളം മിഷൻ

Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH FEDERAL BANK

സംസ്ഥാനത്തെ ഏറ്റവുംമികച്ച സ്കൂളിന്
വിശിഷ്ട ഹരിതവിദ്യാലയം പുരസ്കാരം

മികച്ച രണ്ടും മൂന്നും സ്ഥാനക്കാർക്ക്
പ്രത്യേക സമ്മാനങ്ങൾ

14 ശ്രേഷ്ഠ ഹരിതവിദ്യാലയം
123 ഹരിതവിദ്യാലയം

28 ഹരിതമുകുളം അവാർഡുകൾ

പൂമ്പാറ്റയ്ക്കൊരു പൂന്തോട്ടം, നാട്ടുമാഞ്ചോട്ടിൽ
എന്നിവയ്ക്ക് പ്രത്യേക പുരസ്കാരങ്ങൾ

മികച്ച ഷോർട്ട് ഫിലിമുകൾക്ക് പുരസ്കാരങ്ങൾ

246 പ്രശംസാപത്രം

41 ബെസ്റ്റ് ടീച്ചർ കോ-ഓഡിനേറ്റർ

41 ജെം ഓഫ് സീഡ്

**25 ലക്ഷത്തോളം രൂപയുടെ ക്യാഷ് പ്രൈസ്!**

**ഒട്ടാകെ 574 സമ്മാനങ്ങൾ!**

**കൂടാതെ ട്രോഫികളും സർട്ടിഫിക്കറ്റുകളും!**

Printed at The Mathrubhumi MM Press, Kozhikode

- വിശിഷ്ട ഹരിതവിദ്യാലയം : 1 ലക്ഷം രൂപ
  രണ്ടാം സമ്മാനം : 75,000 രൂപ
  മൂന്നാം സമ്മാനം : 50,000 രൂപ
  കൂടാതെ സർട്ടിഫിക്കറ്റും ട്രോഫിയും
- റവന്യൂ ജില്ലയിലെ മികച്ച സ്കൂളിന്
  ശ്രേഷ്ഠ ഹരിതവിദ്യാലയം അവാർഡ്
  25,000 രൂപയും സർട്ടിഫിക്കറ്റും ട്രോഫിയും
- ഓരോ വിദ്യാഭ്യാസ ജില്ലയിലെയും മികച്ച മൂന്ന്
  സ്കൂളുകൾക്ക് ഹരിതവിദ്യാലയം അവാർഡും
  സർട്ടിഫിക്കറ്റും ട്രോഫിയും:
  ഒന്നാം സമ്മാനം : 15,000 രൂപ
  രണ്ടാം സമ്മാനം: 10,000 രൂപ
  മൂന്നാം സമ്മാനം : 5,000 രൂപ
- റവന്യൂ ജില്ലയിലെ മികച്ച രണ്ട് എൽ.പി. സ്കൂളുകൾക്ക് ഹരിതമുകുളം അവാർഡ്: 5,000 രൂപ വീതം
- ഓരോ വിദ്യാഭ്യാസ ജില്ലയിലും മികച്ച പ്രവർത്തനം
  നടത്തുന്ന 6 വിദ്യാലയങ്ങൾക്ക് പ്രശംസാപത്രം.
- പൂമ്പാറ്റയ്ക്കൊരു പൂന്തോട്ടം പദ്ധതിയിൽ
  സംസ്ഥാനതലത്തിൽ മൂന്ന് ക്യാഷ് അവാർഡും
  സർട്ടിഫിക്കറ്റും ട്രോഫിയും:
  ഒന്നാംസ്ഥാനം 10,000 രൂപ
  രണ്ടാം സ്ഥാനം 7,000 രൂപ
  മൂന്നാം സ്ഥാനം 5,000 രൂപ
  ജില്ലാതലത്തിൽ മികച്ച സ്കൂളിന് പ്രശംസാപത്രം.
- നാട്ടുമാഞ്ചോട്ടിൽ പദ്ധതിയിൽ സംസ്ഥാനതലത്തിൽ
  മൂന്ന് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ട്രോഫിയും:
  ഒന്നാംസ്ഥാനം 10,000 രൂപ
  രണ്ടാം സ്ഥാനം 7,000 രൂപ
  മൂന്നാം സ്ഥാനം 5,000 രൂപ
  ജില്ലാതലത്തിൽ മികച്ച സ്കൂളിന് പ്രശംസാപത്രം.
- പ്രകൃതിയുമായി ബന്ധപ്പെട്ട് ഏറ്റവും മികച്ച ഷോർട്ട്
  ഫിലിം നിർമിക്കുന്ന സ്കൂളിന് സംസ്ഥാനതലത്തിൽ
  മൂന്ന് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ട്രോഫിയും:
  ഒന്നാംസ്ഥാനം 10,000 രൂപ
  രണ്ടാം സ്ഥാനം 7,000 രൂപ
  മൂന്നാം സ്ഥാനം 5,000 രൂപ
- ഓരോ വിദ്യാഭ്യാസ ജില്ലയിലും ഏറ്റവും നന്നായി
  പ്രവർത്തിക്കുന്ന ടീച്ചർ കോ-ഓഡിനേറ്റർക്ക്
  5000 രൂപയും സർട്ടിഫിക്കറ്റും.
- സീഡ് പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ മികവ്
  കാട്ടുന്ന വിദ്യാർഥികൾക്ക് ജെം ഓഫ് സീഡ്
  പുരസ്കാരം - ട്രോഫിയും സർട്ടിഫിക്കറ്റും.
- ഏറ്റവും മികച്ച സീഡ് റിപ്പോർട്ടർമാർക്ക് ബെസ്റ്റ്
  റിപ്പോർട്ടർ പുരസ്കാരവും പ്രശസ്തിപത്രവും.

മാതൃഭൂമി വിദ്യ | Mathrubhumi Seed | FEDERAL BANK YOUR PERFECT BANKING PARTNER